79944

ഫ. മുവാറ്റുപുഴവാലിസ്കീം,
ഗ. ചേരാനെല്ലൂർ സ്കീം,
ഭ. വാഴപ്പള്ളി സ്കീം,

എന്നീ നാല് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ ഫുഡ് പ്രൊഡക്ഷൻ കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് നിരവധി കുളങ്ങൾ നന്നാക്കുന്ന ജോലികളും ആരംഭിച്ചിട്ടുണ്ട്.

(ബി) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കുവേണ്ടി ൧,൭൫,൫൦൦ രൂപ ചെലവായിട്ടുണ്ട്.

(സി) പദ്ധതികളെല്ലാം പൂർത്തിയാകാത്തതുകൊണ്ട് കൂടുതലുണ്ടായ വിളവിന്റെ ശരിയായ കണക്കുകൾ ശേഖരിച്ചിട്ടില്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത്: പൂർത്തിയാക്കിയ പദ്ധതികളിൽനിന്നും എത്രമാത്രം വിളവ് കിട്ടിയിട്ടുണ്ട്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: വിളവിനെപ്പറ്റിയുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുവാൻ സാധിച്ചിട്ടില്ല. It may not be always possible to assess, because, as Hon'ble Members of the House would very well realise the crop would vary in relation to the condition of the weather.

മൈനർ ഇറിഗേഷൻ പദ്ധതി

*൯൯൩. (൩൭) ശ്രീമതി ദേവകിഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട കൃഷികാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

൧൯൫൪-ൽ എത്ര സ്ഥലത്തു കൂടുതലായി മൈനർ ഇറിഗേഷൻ പദ്ധതി ഏർപ്പെടുത്തണമെന്നു ഗവൺമെണ്ടു വിചാരിക്കുന്നുവെന്നു പറയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഉദ്ദേശം ൧,൫൦൦ സ്ഥലങ്ങളിലായി കുളങ്ങൾ, ചാലുകൾ, തോടുകൾ മുതലായവ നന്നാക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതിനുള്ള മൈനർ ഇറിഗേഷൻ പദ്ധതികൾ ഏർപ്പെടുത്തണമെന്നാണ് ഗവൺമെണ്ടു വിചാരിക്കുന്നതു്.

ശ്രീമതി ദേവകിഗോപിദാസ്: മൈനർ ഇറിഗേഷൻ പദ്ധതികൾക്കു് റെക്കമെൻഡു ചെയ്യേണ്ടതു് ആരാണു്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: മൈനർ ഇറിഗേഷൻ പദ്ധതികൾ ഇവിടത്തെ ഫുഡ് പ്രൊഡക്ഷൻ ബോർഡ് റെക്കമെൻഡുചെയ്യാണ് ഗവൺമെണ്ടിലേക്കു് അയച്ചുതരിക്കുന്നതു്.

ഒരു പത്രപ്രസ്താവന

***994.** [38] **Sri. C. V. Iyyu:** Will the Hon'ble Minister for Communications be pleased to state.—

whether he has noted the article reproduced hereunder in Col. 3 on page 4 of the Express (Trichur) dated 25th February 1950?

എക്സ്പ്രസ്സ്
ചിറ്റാലിന്നാറമില്ല
തൃശ്ശൂർ, കുംഭം ൧൩.

ഒരു പ്രധാന പൗരൻ എഴുതുന്നു.—

ഇപ്പോഴത്തെ തീവണ്ടിസമയം നമ്മുടെ വിലപിടിച്ച സമയം വളരെയധികം നശിപ്പിച്ചുകളയുന്നുണ്ട്. കൊച്ചിശ്ശീമയിൽനിന്നു കോഴിക്കോട്ടെയ്ക്കോ, പാലക്കാട്ടെയ്ക്കോ പോകേണ്ടതായ ഒരാൾ ഷൊർണ്ണൂരിൽ ചെന്നാൽ സാധാരണയായി ഒന്നരരണ്ടു മണിക്കൂർ അവിടെകിടന്നു നട്ടംതിരിയണം. അതുപോലെതന്നെ ഇങ്ങോട്ടു പോരുമ്പോഴും. മിക്ക വണ്ടികൾക്കും ഉടനടി കണക്ഷൻ ഇല്ല. മദ്രാസിൽനിന്നുള്ള വണ്ടികൾക്ക മാത്രമായിരുന്ന ഇതെങ്കിൽ കുറെയൊക്കെ സാധൂകരിക്കാമായിരുന്നു. എന്നാൽ സ്ഥിതി അതല്ല. കോഴിക്കോട്ടുനിന്നു ഷൊർണ്ണൂരിൽ വന്നെത്തുന്ന ഓരോ വണ്ടിക്കും പാകത്തിനു ഉടനടി ഹാർബറിലേക്കു പുറപ്പെടത്തക്കവണ്ണം, ഷൊർണ്ണൂർ ഹാർബർ ടെർമിനസ് സെക്ഷനിലെ സമയവിവരം ഭേദപ്പെടുത്തുന്നതിനു എന്താണ് തടസ്സം? ഇതിനുമുമ്പ് പല നിവേദനങ്ങളും ഈ വിഷയം

LIBRARY ARCHIVES Kerala Legislative Assembly